പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4074**

**26.06.2013** ൽ മറുപടിക്ക്

## കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ. എം.ചന്ദ്രൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ജലസ്രോതസ്സുകളായ കുളങ്ങൾ, കായലുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ "ആർ.ആർ.ആർ" [Repair, Renovation & Restoration], നബാർഡ് സഹായത്തോടെയുള്ള കുളം നവീകരണ-സംരക്ഷണ പദ്ധതികൾ, സംസ്ഥാന ബഡ്ജറ്റ് സഹായത്തോടുകൂടിയ ചെക്ക് ഡാം നിർമ്മാണം, കുളം നവീകരണം എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ ജലസ്രോതസ്സുകളുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേക്ക് എത്തുന്ന പാഴ്ജല സ്രോതസ്സുകളിൽ തന്നെ സംസ്ഥാന-മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. |
| (ബി) | നദികളിലും കുടിവെള്ള സ്രോതസ്സുകളിലും വ്യാപകമായി മാലിന്യങ്ങൾ തള്ളുന്ന പ്രവണതക്കെതിരായി ജലവിഭവ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നദികളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി, കൂടുതൽ മാലിന്യ നിക്ഷേപ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവർത്തനം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുവാൻ എന്തെങ്കിലും പ്രചരണ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സി.സി.ഡി.യു, CWRDM തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പ്രചാരണ പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ ജലമലിനീകരണം തടയുന്നതുൾപ്പെടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച ബോധവൽക്കരണം, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ, ബോധവൽക്കരണ പ്രോഗ്രാമുകൾ വഴി നടത്തുന്നു. ഇതിന് പ്രത്യേക വാൻ തന്നെ ഉപയോഗിക്കുന്നു. പൊതു സ്ഥലങ്ങളിലും എക്സിബിഷനുകളിലും ഈ വാൻ പ്രദർശിപ്പിക്കുന്നു. ഇതു കൂടാതെ ബോധവൽക്കരണ പരസ്യങ്ങൾ മാധ്യമങ്ങൾ, പത്രങ്ങൾ, മാഗസിൻ പതിപ്പുകൾ എന്നിവ വഴി ബോർഡ് നൽകാറുണ്ട്. കൂടാതെ ബോധവൽക്കരണത്തിനായി ലഘുലേഖകളും ഫിലിമുകളും പ്രസിദ്ധികരിക്കാറുണ്ട്. സംഘടനകൾ, കോളേജുകൾ, സർക്കാർ/സർക്കാർ ഇതര ഏജൻസികൾ എന്നിവ നടത്തുന്ന സെമിനാറിലും വർക്ക്ഷോപ്പിലും അവബോധ ക്ലാസ്സുകളും, പ്രസന്റേഷനും നടത്തുന്നു. |
| (ഡി) | ഇല്ലെങ്കിൽ സമഗ്രമായ ഒരു പ്രചരണ പരിപാടിക്ക് രൂപം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**